# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.T 496 28.02.2017 – ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. സി. ദിവാകരൻ

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി മുഖേന സഹായം**

| | | |
|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്ന ആളുകൾക്കാണ് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20.08.2016ലെ സ.ഉ.(പി)നം.118/2016/ധന പ്രകാരം രൂപീകരിച്ചിട്ടുള്ള ഒറ്റത്തവണ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നത്.<br><br>അനുബന്ധമായി ചേർത്തിട്ടുള്ള പദ്ധതി മാർഗ്ഗരേഖയ്ക്ക് വിധേയമായി അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച വരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിനപ്പുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നതാണ്.<br><br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. |

| | | |
|---|---|---|
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതി പ്രകാരം സഹായം അനുവദിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 271 |
| കൊല്ലം | 106 |
| പത്തനംതിട്ട | 27 |
| ആലപ്പുഴ | 90 |
| കോട്ടയം | 56 |
| ഇടുക്കി | 19 |
| എറണാകുളം | 26 |
| തൃശ്ശൂർ | 37 |
| പാലക്കാട് | 39 |
| മലപ്പുറം | 23 |
| കോഴിക്കോട് | 216 |
| വയനാട് | 56 |
| കണ്ണൂർ | 35 |
| കാസർഗോഡ് | 21 |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്